SH

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം ,**
**കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടറേറ്റ് , തിരുവനന്തപുരം**
**(ഹാജർ :- ശ്രീമതി ബീന പി.എസ്. .)**

വിഷയം :- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്- ജീവനക്കാര്യം -ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ /ട്രാക്ടർ ഡ്രൈവർ /സ്റ്റോർ ഇൻ ചാർജ് /സീനിയർ മെക്കാനിക്ക്/ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 / ഓവർസീർ ഗ്രേഡ് 1 എന്നീ തസ്തികകളിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം-കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :-
1. 25.2.2017 – ലെ സർക്കാർ ഉത്തരവ് (പി ) നമ്പർ 3 /2017/ഉ.പ.ഭ .വ
2. 27.2.2022- ലെ സർക്കാർ ഉത്തരവ് (Rt) നമ്പർ 147/22/Agri
3. 05.11.2019 – ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1075/19/Agri
4. 07.08.2023- ലെ ഈ ഓഫീസിലെ സർക്കുലർ നമ്പർ ADFW/100/2023-SA2
5. 16.09.2023- ൽ കൂടിയ കമ്മിറ്റിയുടെ മിനിട്ട്സ് .
6. 18/09/23 ലെ ഈ കാര്യാലയത്തിലെ ADFW/100/2023 – SA2 നം. ഉത്തരവ്.

**ഉത്തരവ് നമ്പർ ADFW/9487/2023-SH1 തീയതി : 21 .09. 2023**

പരാമർശം 1 , 2 സർക്കാർ ഉത്തരവുകൾ പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റം SPARK സോഫ്ട്‌വെയർ മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിലെ പരാമർശം 4 പ്രകാരമുള്ള സർക്കുലർ പ്രകാരം വകുപ്പിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ SPARK മുഖേന ഓൺലൈനായി ക്ഷണിക്കുകയും കൃഷി ഡയറക്ടറുടെ നിയന്ത്രണത്തിലുള്ള എല്ലാ ഓഫീസ് മേധാവികൾക്കും പൊതുസ്ഥലമാറ്റ അപേക്ഷകൾ നിശ്ചിത സമയ പരിധിക്കുള്ളിൽ കൃഷി ഡയറക്ടർക്ക് ഫോർവേഡ് ചെയ്യുന്നതിനും നിർദേശം നൽകിയിരുന്നു. കൂടാതെ അനുകമ്പാർഹമായ കാരണങ്ങളാൽ സ്ഥലമാറ്റം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാനുള്ളവർ അപേക്ഷ ഓൺലൈനായി സമർപ്പിച്ച ശേഷം online അപേക്ഷയുടെ ഹാർഡ് കോപ്പിയും, ബന്ധപ്പെട്ട മെഡിക്കൽ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളും അതാത് DDO -മാർ മുഖാന്തിരം ഈ ഓഫീസിലേക്ക് 25.08.2023 തീയതിക്ക് മുമ്പായി സമർപ്പിക്കുന്നതിനും നിർദേശിച്ചിരുന്നു. 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിൽ അനുകമ്പാർഹ സ്ഥലംമാറ്റത്തിന് അർഹരായവരെ ഉൾപെടുത്തുന്നതിനായി ജനറൽ ഹോസ്പിറ്റലിലെ ജനറൽ മെഡിസിൻ വിഭാഗത്തിലെ ഡോക്ടർ ഉൾപ്പെടുന്ന, പരാമർശം 3 സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിക്കപ്പെട്ട വിദഗ്ധ കമ്മിറ്റി 16.09.2023 തീയതി 11.00 മണിക്ക് യോഗം ചേരുകയുണ്ടായി. പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചുകൊണ്ടുള്ള പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ നാലാം ഖണ്ഡികയിൽ പ്രതിപാദിക്കുന്ന അനുകമ്പാർഹമായ സ്ഥലംമാറ്റത്തിന് പരിഗണിക്കേണ്ട അപേക്ഷകൾ കമ്മിറ്റി നിർദിഷ്ട രേഖകളുമായി ഒത്തുനോക്കി വിശദമായി പരിശോധിക്കുകയും, അർഹതയുണ്ടെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ട അപേക്ഷയിലെ ജീവനക്കാർക്ക് അനുകമ്പാർഹ പരിഗണന നൽകി സ്ഥലമാറ്റം നൽകുന്നതിന് കമ്മിറ്റി തീരുമാനിക്കുകയും പരാമർശം (6) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു .

മേൽ വിവരിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശയോട് കൂടി ഓൺലൈനായി ഈ ഓഫീസിൽ ലഭിച്ച ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ /ട്രാക്ടർ ഡ്രൈവർ /സ്റ്റോർ ഇൻ ചാർജ് /സീനിയർ മെക്കാനിക്ക്/ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1 / ഓവർസീർ ഗ്രേഡ് 1 എന്നീ തസ്തികകളിലെ തസ്തികയിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റ അപേക്ഷകളും, അനുകമ്പാർഹ

പരിഗണനയ്ക്ക് അർഹമാണെന്ന് കമ്മിറ്റി തീരുമാനിച്ച അപേക്ഷകളും SPARK-മുഖേന പൊതുസ്ഥലമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി പ്രോസസ്സ് ചെയ്ത ലഭിച്ച ഡ്യൂപ്ലിക്കേറ്റിങ് ഓപ്പറേറ്റർ /ട്രാക്ടർ ഡ്രൈവർ /സ്റ്റോർ ഇൻ ചാർജ് /സീനിയർ മെക്കാനിക്ക്/ ഡ്രാഫ്റ്റ്മാൻ ഗ്രേഡ് 1/ഓവർസീർ ഗ്രേഡ് 1 എന്നീ തസ്തികകളിലെ 2023 വർഷത്തെ പൊതുസ്ഥലമാറ്റത്തിന്റെ കരട് ലിസ്റ്റ്, വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralaagriculture.in**-ൽ പ്രസിദ്ധീകരിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ബന്ധപ്പെട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ/ DDO മാർ കരട് ലിസ്റ്റ് പരിശോധിച്ച് തങ്ങളുടെ കീഴിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ നിലവിലെ ഔദ്യോഗിക മേൽവിലാസത്തിൽ വ്യത്യാസമുണ്ടെങ്കിൽ ആ വിവരവും/ഒഴിവില്ലാത്ത ഓഫീസുകളിൽ സ്ഥലമാറ്റം നൽകിയിട്ടുണ്ടെങ്കിൽ ആ വിവരവും മറ്റ് അപാകതകളുണ്ടെങ്കിൽ ആയതും ഈ ഓഫീസിൽ **agrigeneraltransfer@gmail.com** എന്ന ഇ-മെയിൽ വിലാസത്തിൽ **"പൊതുസ്ഥലമാറ്റം 2023 കരട് ലിസ്റ്റിലെ അപാകത " എന്ന വിഷയം രേഖപ്പെടുത്തി, 26.09.2023 തീയതി** വൈകുന്നേരം 5 - മണിക്ക് മുമ്പായി അറിയിക്കേണ്ടതാണ്.

കരട് ലിസ്റ്റിന്മേലുള്ള അപേക്ഷകരുടെ പരാതികൾ/ആക്ഷേപങ്ങൾ **26.9.2023 തീയതി വരെ agrigeneraltransfer@gmail.com** എന്ന ഇ-മെയിലിൽ മാത്രം "**പൊതുസ്ഥലംമാറ്റം 2023 കരട്ലിസ്റ്റിലെ അപാകത " എന്ന വിഷയം രേഖപ്പെടുത്തി** " സമർപ്പിക്കാവുന്നതാണ് . ഈ തീയതിക്ക് ശേഷം ലഭിക്കുന്ന പരാതികൾ / ആക്ഷേപങ്ങൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല .

**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

SENIOR ADMINISTRATIVE OFFICER
Directorate of Agriculture
Vikas Bhavan, Thiruvananthapuram-33

ബന്ധപ്പെട്ട ജീവനക്കർക്ക് ( മേലധികാരി മുഖേന)
എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

പകർപ്പ് :- കൃഷി ഡെപ്യൂട്ടി ഡയറക്ടർ (IT CELL)
(ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി.)